6. പുതിയ നിക്ഷേപത്തിന്റെ സിംഹഭാഗവും നിലവിലുള്ള വ്യവസായ പാർക്കുകളിലും, പുതുതായി ആരംഭിക്കുന്ന വ്യവസായ പാർക്കുകളിലും ആയിരിക്കും. പ്രത്യേകം ഊന്നൽ നൽകേണ്ട മേഖലകൾക്കായി അടിസ്ഥാന സൗകര്യങ്ങളും, പൊതുസൗകര്യങ്ങളുമുള്ള പ്രത്യേക പാർക്കുകൾ ആരംഭിക്കുന്നതാണ്.

7. ക്ലസ്റ്റർ രീതിയിലുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും നിലവിലുള്ളവ സജീവമാക്കുകയും ചെയ്യും. സാദ്ധ്യമായിടത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് സ്വകാര്യമേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതാണ്.

8. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന വയനാട്, ഇടുക്കി ജില്ലകളിൽ പ്രത്യേക പാർക്കുകൾ സ്ഥാപിക്കുന്നതാണ്.

9. വ്യവസായ പാർക്കുകളിലേയും വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലേയും യൂണിറ്റുകൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് കൃാപ്റ്റീവ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്.

10. സമുച്ചയ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ നടത്തുന്നതിന് കോമൺ ഫെസിലിറ്റി സെന്ററുകളും, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും നിർമ്മിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതാണ്.

11. കുടാതെ നിലവിലുള്ള ഫെസിലിറ്റി സെന്ററുകളുടെയും വ്യവസായ എസ്റ്റേറ്റുകളുടേയും നടത്തിപ്പ് ഏറ്റെടുക്കുന്നതിന് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതാണ്.

(സി) ഏകജാലക സംവിധാനം വിവിധ തലങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) അതിന്റെ ഫലം വിലയിരുത്താൻ സമയമായിട്ടില്ല.

28 (*145) വ്യവസായ രംഗത്തെ പുരോഗതി

ശ്രീമതി കെ.ആർ ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വ്യാവസായിക നയത്തിന്റെ ഫലമായി സംസ്ഥാനത്ത് വ്യാവസായികമേഖലയിൽ എന്തെങ്കിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ വ്യാവസായിക നയ പ്രഖ്യാപനത്തിനുശേഷം വ്യാവസായിക രംഗത്തുണ്ടായ പുരോഗതി എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി യുടെ സഹായത്തോടെ 916 കോടി രൂപ മുതൽ മുടക്കുള്ളതും 5260 പേർക്ക് ജോലി ലഭിക്കുന്നതുമായ 47 പദ്ധതികൾ പൂർത്തിയായി. 1061 കോടി രൂപ മുതൽമുടക്കുള്ളതും 9773 പേർക്കു ജോലി ലഭിക്കുന്നതുമായ 71 പദ്ധതികൾക്ക് നിക്ഷേപാനുമതി നൽകി. ഏകദേശം 393 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 60 പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. പുതുവ്യവസായസംരംഭകർക്കായി 20 കോടി രൂപയുടെ വെൻച്വർ കാപ്പിറ്റൽ ഫണ്ട് രൂപീകരിക്കുന്നു. കിൻഫ്രയുടെ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ' ഏകദേശം 75 കോടി രൂപയുടേയും ടെക്നോപാർക്കിൽ 15.20 കോടി രൂപയുടേയും നിക്ഷേപം ഉണ്ടായിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 359.61 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ട്.

29 (*146) കയർ തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കയർ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) കയർ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്നതിനായി നിലവിലുള്ള കയർ വെൽഫെയർ ആക്ട് ഭേദഗതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കയറിന്റെ വിദേശ-ആഭ്യന്തര വിപണികൾ വിപുലീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്തെ പരമ്പരാഗത തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് ഹിഡ്കോയുടെ സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(ബി) കയർ സഹകരണസംഘങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കി കൂടുതൽ തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ നൽകുന്നതിനും, സഹകരണ മേഖലയിലെ ഉല്പന്നങ്ങൾ പൂർണ്ണമായും ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ ഭാഗികമായും സംഭരിച്ച് വിപണനം നടത്തുന്നതിനുമായി കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 88.12 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കയർ തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ 21 രൂപയുടെ വർദ്ധനവ് വരുത്തുകയും പ്രതിമാസ പെൻഷൻ 75 രൂപയിൽനിന്ന് 100 രൂപയായി വർദ്ധിപ്പിച്ച് കുടിശ്ശിക ഇല്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡു വഴി വിവിധ ആനുകൂല്യങ്ങൾ നടപ്പാക്കി വരുന്നു.

(സി) ക്ഷേമനിധി ആക്ടിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് സമഗ്രമായ കയർ തൊഴിലാളി ക്ഷേമനിധി ആക്ട് (ഭേദഗതി) 1998 ഏപ്രിൽ 24-ാം തീയതി ഭേദഗതി ചെയ്തിട്ടുണ്ട്.

(ഡി) കയർ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനായി കയർ ബോർഡുമായി സഹകരിച്ച് വിദേശ ട്രെയിഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനും ഓർഡറുകൾ സ്വീകരിക്കുന്നതിമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly